**17U106** (Pages:2) Name: ………….……......……..

Reg. No……………………….

**FIRST SEMESTER B Com/BCom P/BBA DEGREE EXAMINATION, NOVEMBER 2017**

(Regular/Supplementary/Improvement)

(CUCBCSS-UG)

**CC15U MAL1 A07 (2) – MALAYALA SAHITHYA PADANAM - I**

(Malayalam - Common Course )

(2015 Admission onwards)

Time: Three Hours Maximum: 80 Marks

## എ വിഭാഗം

**I. എല്ലാ ചോദ്യങ്ങൾക്കും ഒറ്റവാക്കിൽ ഉത്തരമെഴുതുക.**

1. 'കാഥികന്റെ കല' എന്ന കൃതിയുടെ കർത്താവ് ആര്?
2. സർക്കസിലെ തനൂജയെന്ന പെൺകുട്ടിയുടെ അച്ഛൻ ആരാണ്?
3. സുഡാനികളുടെ ദേശീയ പട്ടണത്തിന്റെ പേര്?
4. പക്ഷിശാസ്ത്രപഠനശാഖയ്ക്ക് പറയുന്ന പേരെന്ത്?
5. ലോകത്തിലെ അറിയപ്പെട്ടുന്ന ആദ്യത്തെ യുക്തിവാദിയാര്?
6. 'ബ്രൈറ്റർ ദാൻ തൗസന്റ് സൺസ്' എന്ന ഗ്രന്ഥത്തിന്റെ കർത്താവാരാണ്?
7. എം.പി. വീരേന്ദ്രകുമാറിന് ഓടക്കുഴൽ അവാർഡ് ലഭിച്ച കൃതി ഏത്?
8. ബോധധാരാ സമ്പ്രദായത്തിൽ എഴുതപ്പെട്ട എം.ടി.യുടെ രചന?
9. 'കേരളത്തിലെ പക്ഷികൾ' എന്ന കൃതിയുടെ കർത്താവ്?
10. ഷേക്സ്പിയറിന്റെ 'ഒഥല്ലോ', ജയരാജ് 'കളിയാട്ടം' എന്ന സിനിമയാക്കിയത് ഏത് വിവർത്തനത്തിന് ഉദാഹരണമാണ്?

**(10 x 1/2 = 5 Marks)**

## ബി വിഭാഗം

**II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.**

11. 'ഖലീഫയുടെ ഭരണകാലം സുഡാന്റെ ചരിത്രത്തിലെ ഏറ്റവും ദുഷിച്ച അദ്ധ്യായമായിരുന്നു' എന്തുകൊണ്ട്?
12. സ്രോതഭാഷ, ലക്ഷ്യഭാഷ ഇവ എന്നാലെന്ത്?
13. ലിപ്യന്തരണം എന്നാലെന്ത്? ഉദാഹരണസഹിതം വ്യക്തമാക്കുക.
14. 'കിന്നരി മൈന'യും 'മാടത്ത'യും തമ്മിലുള്ള രൂപപരമായ വ്യത്യാസം എന്താണ്?
15. നാസി ഭരണത്തിൽ 'റോസാപ്പൂക്കളുടെ തോട്ടം' എന്നറിയപ്പെട്ടിരുന്നത് എന്താണ്?

**(5x 2 = 10 Marks)**

**III. അഞ്ച് ചോദ്യങ്ങൾക്ക് നൂറ്റമ്പതു വാക്കിൽ കവിയാതെ ഉത്തരമെഴുതുക.**

16. ഖാർത്തും നഗരത്തെപ്പറ്റി എസ്.കെ. പൊറ്റക്കാട് നല്കുന്ന വിവരങ്ങൾ എന്തെല്ലാം?
17. വാണിജ്യശാസ്ത്ര തർജ്ജമയുടെ പ്രശ്നങ്ങൾ വിശദീകരിക്കുക.
18. 'പാട്ട് മൂളിയ പ്രതിമ'യെക്കുറിച്ച് കുറിപ്പെഴുതുക.

19. എം.ടി.യുടെ രചനകൾ ഭാവഗീതാത്മകമാണെന്ന് പറയാനുള്ള കാരണങ്ങൾ എന്തെല്ലാം?

20. സുഡാനിലെ രാഷ്ട്രീയ സ്ഥിതിഗതികളെക്കുറിച്ച് എസ്.കെ. പൊറ്റക്കാട്ടിന്റെ അഭിപ്രായങ്ങൾ വിലയിരുത്തുക.

21. 'കാണുന്നതല്ല കാഴ്ചകൾ' എന്ന നോവലിൽ മുഖ്യകഥാപാത്രം മാളവിക എന്ന പെൺകുട്ടിയാണ്'വിമർശനബുദ്ധ്യാ വിലയിരുത്തുക.

22. 'ഫാസിസത്തിനെതിരെയുള്ള പ്രതിരോധങ്ങളെയെല്ലാം മസ്തിഷ്കപ്രക്ഷാളനത്തിലൂടെയാണ് കീഴ്പ്പെടുത്തിയത്' വിശദമാക്കുക.?

**(5 x 5 = 25 Marks)**

**IV. നാലു ചോദ്യങ്ങൾക്ക് മുന്നൂറു വാക്കിൽ കവിയാതെ ഉത്തരമെഴുതുക.**

23. കേരളീയ സമൂഹിക ജീവിതത്തിന്റെ സമകാലിക പ്രശ്നങ്ങളെ അവതരിപ്പിക്കുന്നതിൽ 'കാണുന്നതല്ല കാഴ്ചകൾ' എന്ന യു.കെ. കുമാരന്റെ നോവൽ എത്രമാത്രം വിജയിച്ചിട്ടുണ്ട്? വിമർശനബുദ്ധ്യാ വിലയിരുത്തുക.

24. 'കയ്റോ കത്തുകളിൽ' എസ്.കെ. പൊറ്റേക്കാട് വിവരിക്കുന്ന ലുക്സർ, കർണ്ണാക്ക് ക്ഷേത്ര സംസ്കൃതികളെക്കുറിച്ച് വിശദീകരിക്കുക.

25. 'പരിത്യക്തരുടെ രാഷ്ട്രീയം' എന്ന ലേഖനത്തിൽ വിവരിക്കുന്ന എം.ടി.യുടെ കഥാ ലോകത്തിന്റെ സവിശേഷതകൾ വിവരിക്കുക.

26. 'കാട്ടിലെ കിളിക്കൂട്ടം'എന്ന ലേഖനത്തിലൂടെ എൻ.എ.നസീർ മുന്നോട്ടുവയ്ക്കുന്ന പരിസ്ഥിതി ദർശനമെന്ത്? വിശദമാക്കുക.

27. വിവർത്തനം എന്നാലെന്ത്? വിവർത്തനരീതികൾ ഉദാഹരണസഹിതം വിശദമാക്കുക.

28. ഫാസിസ്റ്റ് ശക്തികളെ തിരിച്ചറിഞ്ഞ് പ്രതിരോധിക്കേണ്ടത് സമകാലിക സമൂഹത്തിന്റെ ആവശ്യകതയാണ്.'ഫാസിസത്തിന്റെ മന:ശാസ്ത്രം' എന്ന ലേഖനത്തെ മുൻനിർത്തി വിശദമാക്കുക.

**(4 x 10 = 40 Marks)**

*******